LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഹോമിയോ/ആയുർവ്വേദ ഡിസ്പെൻസറികൾ

17 (2568) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും, ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട് ;

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011-ന് ശേഷം ഇതുവരെ എത്ര ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 പുതിയ ഹോമിയോ ഡിസ്പെൻസറികളും 77 ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ 2011-നുശേഷം ഇതുവരെ ആകെ 77 ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

താനൂർ സി.എച്ച്.സി.-യിൽ തസ്തിക

18 (2569) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളായ നിർധന ജനവിഭാഗങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശത്താണ് താനൂർ സി.എച്ച്.സി. പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഇവിടെ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ തസ്തികകൾ അനുസരിച്ചുള്ള ജീവനക്കാർ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?